22.07.2023

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-22/07/2023.

1. കാർഷിക സർവകലാശാല, ഫലവർഗ്ഗ ഗവേഷണ കേന്ദ്രം, വെള്ളാനിക്കരയിൽ വിവിധ ഇനം മാവ്, പ്ലാവ് നാരകം, ആത്തച്ചക്ക, അരിനെല്ലി, കറിവേപ്പ്, കവുങ്ങ് കുരുമുളക് തുടങ്ങിയവയുടെ മുന്തിയ ഇനം തൈകളും ജൈവവളങ്ങളും വില്പനയ്ക്ക് തയ്യാറാണ് ആവശ്യമുള്ളവർ 0487-2373242, 8547760030 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

2. കൃഷി വകുപ്പിന്റെ നാളികേര വികസന കൗൺസിൽ പദ്ധതിയുമായി ബന്ധപ്പെട്ട് അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ പോത്തൻകോട് കൃഷിഭവനിൽ എത്തിയിട്ടുണ്ട്. ആവശ്യമുള്ളവർക്ക് കൃഷിഭവനിൽ നേരിട്ടെത്തിയോ ഗ്രൂപ്പ് മുഖേനയോ ബുക്ക് ചെയ്യാവുന്നതാണ്. 100 രൂപ വിലയുള്ള അത്യുൽപ്പാദന ശേഷിയുള്ള സാധാരണ ഇനത്തിനു WCT 50 രൂപയും, 250 രൂപ വിലയുള്ള ഹൈബ്രിഡ് (ടി xഡി) ഇനത്തിന് 125 രൂപയും അടക്കേണ്ടതാണ്. തൈകൾ വാങ്ങാൻ വരുമ്പോൾ കരം അടച്ച രസീത് കൊണ്ടുവരേണ്ടതാണ്

3. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം കരമനയിൽ നെടുങ്കാട് പ്രവർത്തിച്ചു വരുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ നിറപുത്തരി കൊയ്ത്തുത്സവത്തിലേക്കായി കതിർ കുലകൾ 100 രൂപ നിരക്കിൽ വില്പനക്ക് ലഭ്യമാണ്. കതിർ കുല കെട്ടുകളും (അയർ ) മുൻകൂട്ടി ആവശ്യപ്പെടുന്ന മുറക്ക് തയ്യാറാക്കി നൽകുന്നതാണ്.

4. ക്ഷീരവികസന വകുപ്പ് കോട്ടയം ജില്ലാ ക്വാളിറ്റി കൺട്രോൾ യൂണിറ്റിന്റെയും ഏറത്തുവടകര ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെയും ആഭിമുഖ്യത്തിൽ പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഒരു പാൽഗുണനിയന്ത്രണ ബോധവൽകരണ പരിപാടി ഇന്ന് (ജൂലൈ 22) രാവിലെ 10.30 ന് ഏറത്തുവടകര സാസ്കാരിക നിലയം ഹാളിൽ വച്ച് സംഘടിപ്പിക്കുകയാണ്. ക്ഷീരവികസന വകുപ്പിലെ സാങ്കേതിക വിദഗ്ദർ പരിപാടിയിൽ ക്ലാസ്സുകൾ നയിക്കുന്നതാണ്. ഈ പരിപാടിയിലൂടെ ക്ഷീരകർഷകർ ഉല്പാദിപ്പിക്കുന്ന പാലിന്റെ ഗുണമേന്മ മെച്ചപ്പെടുന്നതിന് ആവശ്യമായ ശാസ്ത്രീയ വശങ്ങളെ കുറിച്ച് ബോധവല്കരണം നൽകുന്നു.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. മലബാർ മേഖലാ യൂണിയന്റെ അനുബന്ധസ്ഥാപനമായ മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ (MRDF) ക്ഷീരകർഷകരിൽ നിന്നും നേരിട്ടു സംഭരിച്ചിട്ടുളള ഉണക്കിപൊടിച്ച ചാണകപ്പൊടി കർഷകർക്കും, ഗുണഭോക്താക്കൾക്കും ലഭ്യമാക്കുന്നു. 1 കി.ഗ്രാം, 2 കി.ഗ്രാം, 5 കി.ഗ്രാം, 10 കി.ഗ്രാം, 30 കി.ഗ്രാം ബാഗുകളിലും കൂടുതൽ ആവശ്യമുളളവർക്ക് CFT (ക്യൂബിക് ഫീറ്റ്) അടിസ്ഥാനത്തിൽ മൊത്ത വിലയ്ക്കും ചാണകപ്പൊടി ലഭ്യമാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കോഴിക്കോട് കോട്ടാംപറമ്പിൽ പ്രവർത്തിക്കുന്ന മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ (MRDF) ഓഫീസുമായോ, ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന പി & ഐ ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9207580188/9207680188 എന്നീ ഫോൺ നമ്പരുകളിലോ, ceomrdf@gmail.com എന്ന ഈ- മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ഈ മാസം 25, 26 തിയതികളിൽ തീറ്റപുൽ കൃഷി സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 81-13-89-31-59 ലേക്ക് whatsapp ചെയ്യുകയോ 0471-2501706 ലേക്ക് പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ കരുതേണ്ടതാണ്.

7. കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയിൽ വച്ച് ഈ മാസം 25 ന് (25.7.23) രാവിലെ 10 മണിക്ക് **വാണിജ്യാടിസ്ഥാനത്തിലുള്ള ആട് വളർത്തൽ** എന്ന വിഷയത്തിൽ ഏകദിന പ്രായോഗിക പരിശീലനം സംഘടിപ്പിക്കുന്നു. ആടുകളുടെ വിവിധ ഇനം ബ്രീഡുകൾ, തെരെഞ്ഞെടുപ്പ് ശാസ്ത്രീയമായ തീറ്റക്രമം, ആട്ടിൻകൂട് നിർമ്മാണം, ആരോഗ്യ പരിപാലനം, ശാസ്ത്രീയ പ്രജനന രീതി തുടങ്ങി ആദായകരമായ ആട് വളർത്തൽ നടത്തുന്നതിന് വേണ്ട ശാസ്ത്രീയ നിർദ്ദേശങ്ങൾ, മാർക്കറ്റിംഗ്, ആട് ഫാം പ്രൊജക്റ്റ് എന്നിവയെക്കുറിച്ച് വിശദമായ ക്ലാസ്സും ആട് ഫാം സന്ദർശനവും ഉൾപ്പെടുത്തിയാണ് ട്രെയിനിങ് ക്രമീകരിച്ചിരിക്കുന്നത്. പ്രസ്തുത ട്രെയ്നിങ്ങിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 22.7.23 നുള്ളിൽ 0487-2370773 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ (10 am -5 pm) വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. **കാർഷിക നിർദ്ദേശം** -മഴക്കാലത്ത് പയറിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 1% ബോർഡോമിശ്രിതം കലക്കി തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക.

വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മഴക്കാലത്ത് മൃദുരോമ പൂപ്പ് എന്ന കാണാനിടയുണ്ട്. പ്രതിവിധിയായി 2.5 ഗ്രാം മാങ്കോസെബ് 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയത്തക്കവിധത്തിൽ കലക്കി തളിക്കുക. മഴയില്ലാത്ത സമയത്ത് മാത്രം കീടനാശിനി പ്രയോഗം നടത്തുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം